സംസ്ഥാനത്തിന്റെ വർദ്ധിച്ച ആവശ്യം നേരിടാൻ വൈദ്യുതപദ്ധതികൾ

10 (*190) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എം. നാരായണൻ(ഹോസ്ദുർഗ്) :
ശ്രീ. പി. നാരായണൻ :
ശ്രീ. യു. എസ്. ശശി:
ശ്രീ. സി. എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ 1999-2000 വർഷത്തെ പരമാവധി വൈദ്യുതി ആവശ്യകത എത്ര മെഗാവാട്ടായിരുന്നു ;

(ബി) പവർ സർവ്വേ പ്രകാരം 2000-2001 വർഷത്തിൽ മൊത്തം എത്ര മെഗാവാട്ട് വൈദ്യുതി സംസ്ഥാനത്തിന് ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) 2000-2001-ലെ മൊത്തം വൈദ്യുതി ഉൽപാദനശേഷി എത്ര മെഗാവാട്ടാണ് ;

(ഡി) വൈദ്യുതിയുടെ വർദ്ധിച്ചുവരുന്ന ആവശ്യകത നേരിടുന്നതിന് കൂടുതൽ താപനിലയങ്ങൾ ആരംഭിക്കണമെന്ന് ശുപാർശയുണ്ടായിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എത്ര താപനിലയങ്ങൾ എവിടെയെല്ലാം സ്ഥാപിക്കുവാനാണ് ശുപാർശയെന്ന് വ്യക്തമാക്കാമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാനത്തെ 1999-2000 വർഷത്തെ പരമാവധി വൈദ്യുതി ആവശ്യകത 2177 മെഗാവാട്ട് ആയിരുന്നു.

(ബി) 16-ാമത് സർവ്വേ പ്രകാരം സംസ്ഥാനത്തിന്റെ 2000-2001-ലെ വൈദ്യുത ആവശ്യകത 2538 മെഗാവാട്ട് ആയിരിക്കും എന്നാണ് കണക്കാക്കിയിരിക്കുന്നത്.

(സി) 2000-2001-ലെ സംസ്ഥാനത്തിന്റെ മൊത്തം വൈദ്യുതി ഉൽപാദനശേഷി 2602.63 മെഗാവാട്ട് ആയിരിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി&ഇ) ഇത്തരമൊരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല. ചെലവുകുറഞ്ഞ വൈദ്യുതി ലഭ്യമാക്കുന്നതിനുതകുന്ന തരത്തിലുള്ള പദ്ധതികൾക്ക് മുൻഗണന നൽകുന്നതാണ് സർക്കാരിന്റെ നയം. വർദ്ധിച്ചു വരുന്ന വൈദ്യുതിയുടെ ആവശ്യകത കണക്കിലെടുത്ത് എല്ലാത്തരം സ്രോതസ്സുകളും പ്രയോജനപ്പെടുത്തുന്നതിനും അതിൽത്തന്നെ ഏറ്റവും ചെലവുകുറഞ്ഞ 1000 മെഗാവാട്ട് വരുന്ന ജലവൈദ്യുത പദ്ധതികൾക്കായുള്ള ഇൻവെസ്റ്റിഗേഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കാനും ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly